പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3988

31.01.2014 ൽ മറുപടിയ്ക്ക്

## ഐ.റ്റി. ഡസ്റ്റിനേഷനുകളിൽ പ്രവർത്തിക്കുന്ന ഐ.റ്റി. കമ്പനികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |

എ) സംസ്ഥാനത്തെ ഐ.റ്റി. ഡസ്റ്റിനേഷനുകളിൽ ഓരോയിടത്തും നിലവിൽ എത്ര ഐ.റ്റി. കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട് ; ഇതിൽ ആകെ എല്ലാ ഡസ്റ്റിനേഷനുകളിലും കൂടി എത്ര പേർ വീതം തൊഴിലെടുക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

എ) ഇൻഫോപാർക്ക് കൊച്ചിയിലും ഉപഗ്രഹ ക്യാമ്പസുകളിലുമായി 153 കമ്പനികൾ പ്രവർത്തിക്കുന്നു. ഈ കമ്പനികളിൽ ഏകദേശം 21000 പേർ തൊഴിൽ ചെയ്യുന്നു. ടെക്നോപാർക്കിൽ വിവിധ വികസന പദ്ധതികളിലായി പ്രവർത്തിച്ചു വരുന്ന കമ്പനികളുടെയും, തൊഴിലവസരങ്ങളുടെയും വിവരം ചുവടെ കൊടുക്കുന്നു.

| പദ്ധതികൾ | പ്രവർത്തിച്ചു വരുന്ന കമ്പനികൾ | തൊഴിലവസരങ്ങൾ |
|---|---|---|
| **ടെക്നോപാർക്ക്** | | |
| ഒന്നാംഘട്ടം | 287 | 40000 |
| രണ്ടാംഘട്ടം | 1 | 5000 |
| മൂന്നാംഘട്ടം | 8 | 272 |
| കൊല്ലം ടെക്നോപാർക്ക് | 2 | 21 |
| **ആകെ** | **298** | **45293** |

സൈബർപാർക്ക് കോഴിക്കോട് ആരംഭിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നതേയുള്ളൂ. അതിനാൽ നിലവിൽ ഐ.ടി. കമ്പനികളൊന്നും പ്രവർത്തിക്കുന്നില്ല.

ബി) ഓരോ ഡസ്റ്റിനേഷനിലും 2011, 2012, 2013 വർഷങ്ങളിൽ ഉണ്ടായ വരുമാനം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

ബി) **ടെക്നോപാർക്ക്**

2010-11 - 1963 കോടി രൂപ
2011-12 – 2170 കോടി രൂപ
2012-13 – 3493 കോടി രൂപ

**ഇൻഫോപാർക്ക്**
2010-11 - 750 കോടി രൂപ
2011-12 – 1094 കോടി രൂപ
2012-13 – 1534 കോടി രൂപ

| | | | |
|---|---|---|---|
| സി) | ഈ സർക്കാരിന്റെ കാലത്ത് ഓരോ ഡസ്റ്റിനേഷനിലും അടച്ചു പൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ കമ്പനികൾ എത്രയാണ്; | സി) | ടെക്നോപാർക്കിൽ നിന്നും 32 കമ്പനികളും ഇൻഫോപാർക്കിൽ നിന്നും 15 കമ്പനികളും പ്രവർത്തനം മതിയാക്കിയിട്ടുണ്ട്. |
| ഡി) | പുതുതായി നിലവിൽവന്ന കമ്പനികൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ? | ഡി) | ടെക്നോപാർക്കിൽ 96 കമ്പനികളും ഇൻഫോപാർക്കിൽ 51 കമ്പനികളും പുതുതായി പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ